# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1432**.

**11-08-2017 ൽ മറുപടിയ്ക്ക്**

## നെൽകൃഷിക്കാർക്ക് ആശ്വാസം നൽകാൻ നടപടി

**ചോദ്യം**
ശ്രീ.സി.എഫ്.തോമസ്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പായിപ്പാട് കൃഷിഭവൻ അതിർത്തിയിലുള്ള പൂവ്വം പാടശേഖരത്തിൽ ആരംഭിച്ച രണ്ടാം കൃഷി മടവീണ് നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇക്കാര്യത്തിൽ നെൽകർഷകർക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് ആശ്വാസനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) & (സി) | സ്വീകരിച്ചിട്ടുണ്ട്. പൂവ്വം പാടശേഖരത്തിൽ മടവീഴ്ച മൂലം വെള്ളത്തിനടിയിലായ 275 കർഷകരുടെ നെൽകൃഷി സംരക്ഷിക്കുന്നതിനായി ഡ്രഡ്ജർ ഉപയോഗിച്ച് വെള്ളം പമ്പ ചെയ്യുന്നതിനും അതിന്റെ ചെലവിലേയ്ക്ക് എസ്റ്റിമേറ്റ് തുകയായ 116786/- രൂപ ജില്ലാ കളക്ടർ മുഖേന പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും അടിയന്തിരമായി അനുവദിച്ചു നൽകിയിരുന്നു. മടവീഴ്ച മൂലം 275 കർഷകർക്കുണ്ടായ നഷ്ടം പരിഹരിച്ച് ധനസഹായ തുക നൽകുന്നതിലേയ്ക്കായി കൃഷി ഭവൻ മുഖേന അപേക്ഷകൾ സ്വീകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു |
| (സി) | ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | | |

സെക്ഷൻ ഓഫീസർ